DESPATCHED
On 04/03/2020

6/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ CP No.883(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.11245/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. പി. അബ്ദുൾ ഷുക്കൂർ,<br>ഹൗസ് നം.20, മോസ്ക് ലെയിൻ,<br>കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ.,<br>തിരുവനന്തപുരം | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. വിഭാഗം,<br>തിരുവനന്തപുരം കോർപ്പറേഷൻ,<br>തിരുവനന്തപുരം | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| പരാതി ഹർജി നൽകിയ തീയതി | 02.07.2015 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 02.07.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16.07.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 05.02.2020 |
| ഹിയറിംഗ് തീയതി & സ്ഥലം | 06.02.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി.അബ്ദുൾ ഷുക്കൂർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, തിരുവനന്തപുരം നഗരസഭയിലെ മെഡിക്കൽ കോളേജ് വാർഡിൽ കുമാരപുരം മോസ്ക് ലെയിനിൽ ഹർജിക്കാരൻ

താമസിക്കുന്ന വിടിന്റെ മതിലിനോടു ചേർന്ന് ഒരു ബഹുനില കെട്ടിട സമുച്ചയം പണി ആരംഭിച്ചപ്പോൾ ആയത് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമല്ലെന്ന് മനസ്സിലായതിനാൽ ടി സമുച്ചയത്തിന്റെ അംഗീകൃത പ്ലാനിന്റെ പകർപ്പ് അവശ്യപ്പെട്ടുകൊണ്ട് നഗരസഭയെ സമീപിച്ചിരുന്നുവെന്നും എന്നാൽ പല കാരണങ്ങൾ പറഞ്ഞ് അംഗീകൃത പ്ലാൻ നൽകാതിരുന്നുവെന്നും അംഗീകാര പത്രത്തിന്റെ പകർപ്പും ലൊക്കേഷൻ മാപ്പും മാത്രമാണ് നൽകിയതെന്നും അംഗീകൃത പ്ലാൻ തേർഡ് പാർട്ടി ഇൻഫർമേഷൻ ആയതിനാൽ നൽകാൻ ആകില്ല എന്ന് വാക്കാൽ അറിയിച്ചുവെന്നും ടി പ്ലാൻ രഹസ്യ സ്വഭാവമുളള ഒന്നല്ല എന്നും ആയതിനാൽ അത് ലഭിക്കാനുളള അർഹത ടിയാനുണ്ടെന്നും മറ്റുമാണ്.

2. 08.12.2014 തീയതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, തിരുവനന്തപുരം കോർപ്പറേഷനിലെ മെഡിക്കൽ കോളേജ് വാർഡിൽ കുമാരപുരം മോസ്ക് ലെയിനിൽ റീസർവ്വെ നം. ബ്ലോക്ക് 10 ൽ 34 –ാം പുരയിടത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് അബ്ദുൾ കരീം മകൻ മുഹമ്മദ് റെജിക്ക് അനുവാദം കൊടുത്തതു സംബന്ധിച്ച് ആയതിന്റെ പെർമിറ്റ്, ബിൽഡിംഗ് പ്ലാൻ എന്നിവയുടെ പകർപ്പ് നൽകണമെന്നാണ്. ഹർജിക്കാരൻ 27.04.2015 തീയതി നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടത്, ശ്രീ. മുഹമ്മദ് റെജി സമർപ്പിച്ച ഇ11–ബിഎ–9/15–ാം നമ്പർ അപേക്ഷയിന്മേൽ അനുവദിച്ച നിർമ്മാണ പെർമിറ്റിന്റേയും അംഗീകരിച്ച പ്ലാനിന്റേയും കോപ്പി നൽകണമെന്നാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത് ഹർജിക്കാരന്റെ അപേക്ഷ സംബന്ധിച്ച ഫയലും ഇ11/ബിഎ/009/15–ാം നമ്പർ ഫയലും നഗരസഭയുടെ റെക്കോർഡ് സെക്ഷനിൽ ലഭ്യമല്ല എന്ന് ബന്ധപ്പെട്ട ക്ലാർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടി ഫയൽ കണ്ടെത്തുന്നതിനായി സെർച്ച് മെമ്മോ നൽകുന്നതിനുളള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട പ്ലാനിന്റെ പകർപ്പ് ടിയാന് ലഭ്യമാക്കിയിട്ടില്ല എന്നു കാണുന്നു. എതിർകക്ഷി സ്ഥാപനം അംഗീകരിച്ചു നൽകിയ പ്ലാൻ ഒരു പൊതുരേഖയായതിനാൽ ആയത് വിവരാവകാശ നിയമപ്രകാരം ലഭിക്കുവാനുളള അർഹത ഹർജിക്കാരനുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ടി പ്ലാൻ അടങ്ങിയ ഫയൽ കണ്ടെത്താൻ ആയിട്ടില്ല എന്ന എതിർകക്ഷിയുടെ വാദം അംഗീകരിക്കത്തക്കതല്ല. ടി രേഖ ലഭിക്കുവാനുളള അർഹത ഹർജിക്കാരനുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസങ്ങൾക്കകം ഹർജിക്കാരൻ ആവശ്യപ്പെട്ട തിരുവനന്തപുരം കോർപ്പറേഷൻ അംഗീകരിച്ച ബിൽഡിംഗ് പ്ലാനിന്റെ പകർപ്പ് ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ടി രേഖ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ആയത് മനപൂർവ്വം ഏതെങ്കിലും ഉദ്യോഗസ്ഥൻ നീക്കം ചെയ്തതാണെന്ന നിഗമനത്തിൽ കമ്മീഷൻ ഹർജിക്കാരന് ഉണ്ടായ കഷ്ടനഷ്ടം സംബന്ധിച്ച അർഹമായ നഷ്ടപരിഹാരം വിവരാവകാശ നിയമത്തിലെ 19(8)(ബി) വകുപ്പു പ്രകാരം നൽകുവാൻ ഉത്തരവാകേണ്ടി വരുമെന്നു കാണുന്നു. അത്തരത്തിലുള്ള നഷ്ടപരിഹാരം എന്തുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിൽ

നിന്ന് ഈടാക്കി നൽകേണ്ടതില്ല എന്നതു സംബന്ധിച്ച വിശദീകരണം തിരുവനന്ത പുരം കോർപ്പറേഷൻ സെക്രട്ടറി ഈ ഉത്തരവ് കൈപ്പറ്റി 45 ദിവസങ്ങൾക്കകം കമ്മീഷൻ മുമ്പാകെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ല എങ്കിൽ ഇക്കാര്യത്തിൽ കോർപ്പറേഷൻ സെക്രട്ടറിക്ക് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരം നഷ്ട പരിഹാരം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി സെക്രട്ടറിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽ കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്. ആയതിലേക്കായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്ക് അയച്ചു നൽകേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020, ഫെബ്രുവരി 06-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp